**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 255** | **15-02-2024 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയിലെ മാനവ വിഭവശേഷി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. എ. രാജ,<br>ശ്രീ എം മുകേഷ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വിനോദസഞ്ചാര മേഖലയിലെ മാനവ വിഭവശേഷി വികസനത്തിന്റെ പ്രാധാന്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് യാത്രകളെ അവിസ്മരണീയമായ അനുഭവമാക്കുവാൻ വിനോദസഞ്ചാര മേഖലയിലെ പരിശീലനം സിദ്ധിച്ച മാനവവിഭവ ശേഷി ഒരു അത്യന്താപേക്ഷിത ഘടകമാണ്. വിനോദസഞ്ചാര മേഖലയിൽ വിവിധ തലങ്ങളിൽ പരിശീലനവും പ്രാവീണ്യവും ലഭിച്ച മാനവ വിഭവശേഷി രൂപപ്പെടുത്തി എടുക്കുന്നതിന് ആവശ്യമായ ഗവേഷണങ്ങളും തത്ഫലമായി രൂപംകൊള്ളുന്ന ആശയങ്ങൾക്കനുസരിച്ച് പരിശീലനങ്ങളും പ്രാദേശിക പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>ടൂറിസം മേഖലയിലെ ഹോസ്പിറ്റാലിറ്റി രംഗത്ത് മാനവ വിഭവശേഷി വർധിപ്പിക്കുന്നതിനും അതിഥി സൽക്കാരത്തിന്റെ വിവിധ തലങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രാവീണ്യം ലഭ്യമാക്കുന്നതിനും കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (SIHM), കണ്ണൂർ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (KIHM), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (FCI), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (KITTS) എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കിറ്റ്സിന്റെ സബ്സിഡിയറി കേന്ദ്രങ്ങളായ തലശ്ശേരി, മലയാറ്റൂർ സെന്ററുകൾ, കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി എന്നീ ഇൻസ്റ്റിറ്റ്യൂട്ടുകളും കേരളത്തിൽ വിദ്യാർത്ഥികൾക്കും തൊഴിലന്വേഷകർക്കും ആവശ്യമായ പരിശീലനം നൽകി വരുന്നു.<br><br>കിറ്റ്സ് മുഖേന വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട ഏജൻസികൾക്ക് വേണ്ടി |

| | | | |
|---|---|---|---|
| | | | ആവശ്യാനുസരണം ഗവേഷണ പ്രോജക്ടുകളും കൺസൾട്ടൻസി കൃത്യങ്ങളും നിർവ്വഹിച്ചു വരുന്നു. പ്രാദേശിക തലത്തിൽ നിന്നുള്ള സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം ഗവേഷണങ്ങൾ നടത്തി ഗവേഷണഫലം ലഭ്യമാക്കാറുണ്ട്. നിലവിൽ ഇക്കോടൂറിസം, ഹൈഡൽ ടൂറിസം, കെ.ടി.ഡി.സി., ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ തുടങ്ങിയ ഏജൻസികൾക്കും ആവശ്യമായ പ്രോജക്ടുകൾ കിറ്റ്സ് തയ്യാറാക്കി നൽകുന്നുണ്ട്. കിറ്റ്സിനെ കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഒരു അംഗീകൃത റിസർച്ച് സെന്ററാക്കുന്നതിനുള്ള നടപടികൾ ആരംഭ ഘട്ടത്തിലാണ്.<br><br>വിനോദസഞ്ചാര മേഖലയിലെ ഗൈഡുകൾക്കുള്ള പരിശീലനം, ഹോം സ്റ്റേ സംരംഭകർക്കുള്ള പരിശീലനം എന്നിവയും കിറ്റ്സ് മുഖേന നടത്തിവരുന്നുണ്ട്.<br><br>വിവിധ ഹ്രസ്വകാല പരിശീലന പ്രോഗ്രാമുകളും, സ്ത്രീകൾക്ക് വേണ്ടിയുള്ള ഹ്രസ്വകാല പരിശീലന പ്രോഗ്രാമുകളും വിവിധ സർക്കാർ വകുപ്പുകളുടെ ആവശ്യ പ്രകാരം പ്രത്യേക പരിശീലന പരിപാടികളും ഗവേഷണ പരിപാടികളും വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ വഴി നടത്തിവരുന്നുണ്ട്.<br><br>സാഹസിക വിനോദസഞ്ചാര മേഖലയിൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായി കോഴിക്കോട് ഗോദീശ്വരത്ത് സർഫിംഗ് അക്കാദമിയും തുഷാരഗിരിയിൽ കയാക്കിംഗ് അക്കാദമിയും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഈ രംഗത്ത് ഗവേഷണവും പ്രാദേശിക പദ്ധതികളും ആവിഷ്കരിക്കുന്നതിന് പ്രത്യേക ഏജൻസികളെയോ സ്ഥാപനങ്ങളെയോ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് യാത്രകളെ അവിസ്മരണീയമായ അനുഭവമാക്കുവാൻ വിനോദസഞ്ചാര മേഖലയിലെ പരിശീലനം സിദ്ധിച്ച മാനവവിഭവ ശേഷി ഒരു അത്യന്താപേക്ഷിത ഘടകമാണ്. വിനോദസഞ്ചാര മേഖലയിൽ വിവിധ തലങ്ങളിൽ പരിശീലനവും പ്രാവീണ്യവും ലഭിച്ച മാനവ വിഭവശേഷി രൂപപ്പെടുത്തി എടുക്കുന്നതിന് ആവശ്യമായ ഗവേഷണങ്ങളും തത്ഫലമായി രൂപംകൊള്ളുന്ന ആശയങ്ങൾക്കനുസരിച്ച് പരിശീലനങ്ങളും പ്രാദേശിക പദ്ധതികളും ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.<br><br>ടൂറിസം മേഖലയിലെ ഹോസ്പിറ്റാലിറ്റി രംഗത്ത് മാനവ വിഭവശേഷി വർധിപ്പിക്കുന്നതിനും അതിഥി സൽക്കാരത്തിന്റെ വിവിധ തലങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രാവീണ്യം ലഭ്യമാക്കുന്നതിനും കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി |

| | | | |
|---|---|---|---|
| | | | മാനേജ്മെന്റ് (SIHM), കണ്ണൂർ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (KIHM), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (FCI), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (KITTS) എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കിറ്റ്സിന്റെ സബ്സിഡിയറി കേന്ദ്രങ്ങളായ തലശ്ശേരി, മലയാറ്റൂർ സെന്ററുകൾ, കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി എന്നീ ഇൻസ്റ്റിറ്റ്യൂട്ടുകളും കേരളത്തിൽ വിദ്യാർത്ഥികൾക്കും തൊഴിലന്വേഷകർക്കും ആവശ്യമായ പരിശീലനം നൽകി വരുന്നു.<br><br>കിറ്റ്സ് മുഖേന വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട ഏജൻസികൾക്ക് വേണ്ടി ആവശ്യാനുസരണം ഗവേഷണ പ്രോജക്ടുകളും കൺസൾട്ടൻസി കൃത്യങ്ങളും നിർവ്വഹിച്ചു വരുന്നു. പ്രാദേശിക തലത്തിൽ നിന്നുള്ള സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം ഗവേഷണങ്ങൾ നടത്തി ഗവേഷണഫലം ലഭ്യമാക്കാറുണ്ട്. നിലവിൽ ഇക്കോടൂറിസം, ഹൈഡൽ ടൂറിസം, കെ.ടി.ഡി.സി., ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ തുടങ്ങിയ ഏജൻസികൾക്കും ആവശ്യമായ പ്രോജക്ടുകൾ കിറ്റ്സ് തയ്യാറാക്കി നൽകുന്നുണ്ട്. കിറ്റ്സിനെ കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഒരു അംഗീകൃത റിസർച്ച് സെന്ററാക്കുന്നതിനുള്ള നടപടികൾ ആരംഭ ഘട്ടത്തിലാണ്.<br><br>വിനോദസഞ്ചാര മേഖലയിലെ ഗൈഡുകൾക്കുള്ള പരിശീലനം, ഹോം സ്റ്റേ സംരംഭകർക്കുള്ള പരിശീലനം എന്നിവയും കിറ്റ്സ് മുഖേന നടത്തിവരുന്നുണ്ട്.<br><br>വിവിധ ഹ്രസ്വകാല പരിശീലന പ്രോഗ്രാമുകളും, സ്ത്രീകൾക്ക് വേണ്ടിയുള്ള ഹ്രസ്വകാല പരിശീലന പ്രോഗ്രാമുകളും വിവിധ സർക്കാർ വകുപ്പുകളുടെ ആവശ്യ പ്രകാരം പ്രത്യേക പരിശീലന പരിപാടികളും ഗവേഷണ പരിപാടികളും വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ വഴി നടത്തിവരുന്നുണ്ട്.<br><br>സാഹസിക വിനോദസഞ്ചാര മേഖലയിൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായി കോഴിക്കോട് ഗോദീശ്വരത്ത് സർഫിംഗ് അക്കാദമിയും തുഷാരഗിരിയിൽ കയാക്കിംഗ് അക്കാദമിയും ആരംഭിച്ചിട്ടുണ്ട്. |
| (സി) | ടൂറിസം സംരംഭകർക്ക് പരിസ്ഥിതിലോല മേഖലയിലെ സംരംഭങ്ങളെക്കുറിച്ച് അറിവ് | (സി) | ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ അനന്തരഫലമായി രൂപീകരിച്ച ടൂറിസം ഫെസിലിറ്റേഷൻ സെന്റർ വഴി |

| | | | |
|---|---|---|---|
| | നൽകുന്നതിനും നയിക്കുന്നതിനും പദ്ധതികൾ നിലവിലുണ്ടോ; അറിയിക്കുമോ; | | ടൂറിസം സംരംഭകർക്ക് എല്ലാ മേഖലയിലും ഉള്ള സംരംഭങ്ങളെക്കുറിച്ച് ആവശ്യമായ എല്ലാ വിവരങ്ങളും ലഭ്യമാക്കിവരുന്നു. |
| (ഡി) | വിനോദസഞ്ചാര മേഖലയിൽ തനതു വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് പരിശീലനവും സഹായവും നൽകുന്നതിന് ചുമതലപ്പെടുത്തിയ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | വിനോദസഞ്ചാര മേഖലയിൽ തനത് വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് പരിശീലനവും സഹായവും നൽകുന്നത് ഉത്തരവാദിത്ത ടൂറിസം മിഷനാണ്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ അന്താരാഷ്ട്ര തലത്തിലും തുടർച്ചയായി അംഗീകരിക്കപ്പെടുന്നുണ്ട്.<br><br>കേരളത്തിലെ തനത് ഭക്ഷ്യ വിഭവങ്ങൾ ടൂറിസ്റ്റുകൾക്ക് അനുഭവവേദ്യമാക്കുന്നതിനായി എക്സ്പീരിയൻസ് എത്തിക് ക്യുസീൻ എന്ന പേരിലുള്ള പദ്ധതിയിൽ വീട്ടുകളിൽ നിന്ന് പാചകരീതികൾ കണ്ടുപഠിക്കുന്നതിനും രുചി വൈവിധ്യങ്ങൾ ആസ്വദിക്കുന്നതിനുമുള്ള അവസരം ഒരുക്കുന്നു. തനത് ഭക്ഷ്യ വിഭവങ്ങൾ ഹോട്ടലുകളിലും റിസോർട്ടുകളിലും നല്കുന്നതിനായുള്ള പ്രത്യേക പ്രവർത്തനങ്ങളും ചില ടൂറിസം കേന്ദ്രങ്ങളിൽ നടന്നു വരുന്നു.<br><br>കേരളത്തിലെ തനത് കരകൗശല ഉൽപ്പന്നങ്ങൾ/ സ്മരണികകൾ വിനോദ സഞ്ചാര മേഖലയിലും ലഭ്യമാക്കുന്നതിനായി കേരള സുവനീർ നെറ്റ്‌വർക്ക് പദ്ധതി ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു.<br><br>കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് എന്ന ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കൃഷിയിടങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനൊടൊപ്പം ടൂറിസ്റ്റുകൾക്കും സന്ദർശകർക്കും പ്രസ്തുത ഫാമുകൾ സന്ദർശിച്ച് തനത് വിഭവങ്ങൾ വാങ്ങുന്നതിനും തനത് കാർഷിക പ്രവർത്തനങ്ങളുടെ ഭാഗമാകുന്നതിനും അവസരം ഒരുക്കി നൽകുന്നുണ്ട്. സ്ട്രീറ്റ് പദ്ധതിയുടെ ഭാഗമായി വ്യത്യസ്ത സ്ട്രീറ്റുകൾ ഒരുക്കി ഓരോ പ്രദേശത്തിനും അനുയോജ്യമായ പ്രവർത്തനങ്ങൾ നടത്തുന്നു. പ്രാദേശിക തനത് വിഭവങ്ങൾ ഉപയോഗപ്പെടുത്താൻ ഇത്തരം പദ്ധതികളിലൂടെ സാധ്യമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ